## ആലുങ്ങൽ കുഞ്ഞിമുഹമ്മദ്



**കൊണ്ടോട്ടി** പ്രാദേശിക ജമാഅത്ത് അംഗവും ആദ്യകാല പ്രാദേശിക അമീറുമായിരുന്നു ആലുങ്ങൽ കുഞ്ഞിമുഹമ്മദ് സാഹിബ്.

ഫാറൂഖ് കോളേജിൽ പഠിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ സഹപ്രവർത്തകർക്ക് പ്രസ്ഥാനത്തെ പരിചയപ്പെടുത്താനും ചിലരെ പ്രസ്ഥാന ബന്ധുക്കളാക്കാനും അദ്ദേഹത്തിന് സാധിച്ചിരുന്നു. ഫാറൂഖ് കോളേജിലെ ഇസ്‌ലാമിക്സ് അസോസിയേഷൻ ഉദ്ഘാടനത്തിന് ഹാജിസാഹിബിനെ ക്ഷണിക്കാൻ മുൻകൈയെടുത്തവരിൽ ഒരാൾ അദ്ദേഹമായിരുന്നു. ഹാജിസാഹിബിന്റെ സാരഗർഭമായ പ്രസംഗം അധ്യാപകരിലും വിദ്യാർഥികളിലും പ്രസ്ഥാനത്തിന് സ്വീകാര്യത നേടാൻ വളരെയധികം സഹായിച്ചു.

കേരള വിൽപനനികുതി വകുപ്പിലും സെക്രട്ടറിയേറ്റിലും ജോലി ചെയ്തിട്ടുണ്ട്. ജില്ലാ സാമൂഹിക ക്ഷേമ ഓഫീസർ, വനംവകുപ്പ് അണ്ടർ സെക്രട്ടറി, കോട്ടക്കൽ ആയുർവേദ കോളേജ് എക്സിക്യൂട്ടീവ് ഡയറക്ടർ, വിദ്യാഭ്യാസ വകുപ്പ് സൂപ്പർ ചെക്ക് വെൽഫെയർ ഓഫീസർ എന്നീ നിലകളിലും സേവനം ചെയ്തു.

കൊണ്ടോട്ടി വനിതാ ഓർഗനൈസറായിരുന്ന ഫാത്തിമ ടീച്ചറാണ് ഭാര്യ.

**എഞ്ചി. കുഞ്ഞഹമ്മദ് പറമ്പാടൻ**

## യു.കെ അബ്ദുർറഹ്മാൻകുട്ടി ഹാജി



**അബ്ദുർറഹ്മാൻ** നഗർ ഏരിയയിലെ കുന്നുംപുറം കാർകുൻ ഹൽഖാ പ്രവർത്തകനായിരുന്നു യു.കെ അബ്ദുർറഹ്മാൻകുട്ടി ഹാജി(75). 1970-ൽ പ്രസ്ഥാനത്തിലേക്ക് കടന്നുവന്ന അദ്ദേഹം രോഗബാധിതനാകുന്നത് വരെ പ്രസ്ഥാന പ്രവർത്തനങ്ങളിൽ സജീവമായിരുന്നു. കൈപറ്റ പ്രദേശത്തെ പ്രമുഖ കുടുംബാംഗമായ വാകയിൽ ഉമ്മിണിക്കടവത്ത് മമ്മുട്ടിയായിരുന്നു പിതാവ്. പ്രശസ്ത പണ്ഡിതനായിരുന്ന കൈപറ്റ ബീരാൻകുട്ടി മുസ്‌ലിയാർ പിതൃസഹോദരനാണ്.

തോട്ടശ്ശേരിയറ പള്ളി ട്രസ്റ്റ്, ഹിറാ ചാരിറ്റബിൾ ട്രസ്റ്റ് എന്നിവയിൽ അംഗമായിരുന്നു.

**വി. മുഹമ്മദലി മാസ്റ്റർ,**
**എ.ആർ നഗർ**

## എം. മൊയ്തീൻ

**മോങ്ങം,** മൊറയൂർ പ്രദേശങ്ങളിൽ ഇസ്‌ലാമിക പ്രസ്ഥാന രംഗത്ത് 1970കളിലും 1980കളിലും സജീവ സാന്നിധ്യമായിരുന്നു എം. മൊയ്തീൻ സാഹിബ്(80). പൂക്കൊളത്തൂരിൽ ജനിച്ച് മോങ്ങത്ത് സ്ഥിരതാമസമാക്കിയ അദ്ദേഹം ഏറെക്കാലം തൃശൂരിലെ ബ്രൈറ്റ് ബിസ്കറ്റ് കമ്പനിയിലെ സെയിൽസ്മാനായി കേരളം മുഴുവൻ യാത്ര ചെയ്തിരുന്നു. മോങ്ങം ഇസ്‌ലാമിക് സെന്ററിന്റെ നിർമാണത്തിലും ദാറുൽ അമാനത്ത് എന്ന പലിശ രഹിത സ്ഥാപനം നടത്തുന്നതിലും സജീവ പങ്കാളിത്തം വഹിച്ചു. മഞ്ചേരിയിലെ അബ്ദുർറഹ്മാൻ കുരിക്കൾ വഴിയാണ് പ്രസ്ഥാനത്തിലേക്ക് കടന്നു വന്നത്. ഭാര്യയും നാല് മക്കളുമുണ്ട്.

**കെ. മുഹമ്മദ് മോങ്ങം**

*അല്ലാഹു പരേതരെ മഗ്ഫിറത്തും മർഹമത്തും നൽകി*
*അനുഗ്രഹിക്കുമാറാകട്ടെ - ആമീൻ*